# ഏലിയാ ശ്ലീവ മൂശക്കാലം
## വചന വിചിന്തനം
### ശ്ലീവാക്കാലം : മൂന്നാം ഞായർ
### മത്താ 15,21-28

"കരച്ചിലിൽ നിന്ന് കൻമദത്തിലേയ്ക്കുള്ള ദൂരത്തിന്
കാനാൻകാരി സ്ത്രീ നൽകുന്ന വില
സ്ഥിരോത്സാഹം മാത്രമാണം!
അവളുടെ സ്ഥിരോത്സാഹത്തിന് മുമ്പിൽ കർത്താവ് പോലും പറയുന്നു;
"സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്.
നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ." (മത്താ 15,28)"

പരുഷവാക്കുകളെ അതിജീവിക്കാൻ കാനാൻകാരി സ്ത്രീക്ക് ശക്തി പകർന്നത് അവളുടെ വിശ്വാസം മാത്രമാണ്...

"യേശു പറഞ്ഞു: സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി" (മത്താ 15,28). വചനഭാഗത്ത് നിന്ന് അടർത്തിയെടുക്കാവുന്ന ചിന്ത വിശ്വാസം സൗഖ്യത്തിന് കാരണമാകുന്നു എന്നുള്ളത് മാത്രമാണ്. നിന്റെ വിശ്വാസത്തിന്റെ വലുപ്പത്തിന്റെ തോതനുസരിച്ച് നിന്നിൽ സൗഖ്യമുണ്ടാകും. ഒപ്പം, നിന്റെ വിശ്വാസം മറ്റുള്ളവരുടെ സൗഖ്യത്തിനും കാരണമാകും. മദ്ധ്യസ്ഥ പ്രാർത്ഥനകളുടെ കാരണവും ഉറവിടവും ഇത് തന്നെയാണ്. മകൾക്ക് വേണ്ടിയുള്ള അമ്മയുടെ കണ്ണുനീരോടെയുള്ള അവളുടെ സൗഖ്യത്തിന് കാരണമാകുന്നു. എങ്കിൽ, ഇനി മുതൽ കുരിശിന് മുമ്പിൽ വിരിക്കപ്പെട്ട കരങ്ങളുമായി നിൽക്കുമ്പോൾ ഞാൻ പ്രാർത്ഥിക്കേണ്ടത് എനിക്ക് വേണ്ടി മാത്രമല്ല. മറിച്ച്, എന്റെ സഹോദരനും സഹോദരിക്കും വേണ്ടികൂടെയാണ്.

"ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ! എൻെറ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. എന്നാൽ, അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യൻമാർ അവനോട് അഭ്യർഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ" (മത്താ 15,22-23). ഇവിടെ ശിഷ്യൻമാരുടെ മറുപടി ഏറെ കൗതുകമുണർത്തുന്ന അഭ്യർത്ഥനയാണ്. അവർ പറയുന്നത്, "അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ." ശിഷ്യൻമാർ കാനാൻകാരി സ്ത്രീക്ക് വേണ്ടി മദ്ധ്യസ്ഥം യാചിക്കുകതന്നെയാണ് ചെയ്യുന്നത്. പക്ഷെ, അതിന്റെ തീവ്രത വളരെ കുറവാണ്. ശിഷ്യൻമാർ കാനാൻകാരി സ്ത്രീക്ക് വേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നത് അവളുടെ വിശ്വാസത്തിന്റെ വലുപ്പം കണ്ടിട്ടല്ല. മറിച്ച്, അവൾ ഒരു ശല്യമായി പുറകെ കൂടിയത് കൊണ്ട് മാത്രമാണ്.

ഒഴിവാക്കുന്നതിലും ചില സ്വാർത്ഥത ഒളിഞ്ഞ് കിടക്കുന്നുണ്ട്... ചായയിൽ ഈച്ച വീണാൽ ചായ ഒഴിവാക്കും. അതേ ഈച്ച കള്ളിൽ വീണാൽ ഈച്ചയെ ഒഴിവാക്കും! കണ്ണുനീരോടെ കാനാൻകാരി സ്ത്രീ അവളുടെ മകളുടെ സൗഖ്യത്തിന് വേണ്ടി കർത്താവിനെയും ശിഷ്യരെയും തടഞ്ഞ് വച്ചിരിക്കുകയാണ്. കർത്താവിന്റെയും ശിഷ്യരുടെയും മുന്നോട്ടുള്ള യാത്രയ്ക്ക് തടസമായ കാനാൻകാരി സ്ത്രീയ്ക്ക് സൗഖ്യം സമ്മാനിക്കാൻ ശിഷ്യൻമാർ

പറയുന്നത് അവരുടെ മുന്നോട്ടുള്ള യാത്ര സുഖമമാക്കുന്നതിന് വേണ്ടിയാണ്. പക്ഷെ, കർത്താവ് ചെയ്യുന്നത് അവളെ വിശ്വാസത്തിൽ ആഴപ്പെടുത്തിയതിന് ശേഷം സൗഖ്യം നൽകി അനുഗ്രഹിക്കുന്നു. കാനാൻകാരി സ്ത്രീ കർത്താവിന് ഒരിക്കലും ശല്ല്യമല്ല. മറിച്ച്, ദൈവീക മഹത്വം വെളിപ്പെടുത്തുന്നതിനും ദൈവീക ശിഷ്യത്വത്തിലേയ്ക്ക് വളർത്തുന്നതിനുമുള്ള ഒരു മാധ്യമം മാത്രമാണ്.

കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട് കർത്താവിനോട് പറയുകയാണ്, "കർത്താവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ! എൻെറ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു." പക്ഷെ, അവൻ ഒന്നും പറയുന്നില്ല. ഇത് കാണുന്ന ശിഷ്യൻമാർ അവനോട് അഭ്യർഥിക്കുകയാണ്, "കർത്താവേ, അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ." ഇതിന് കർത്താവ് ശിഷ്യൻമാരുടെ അടുത്ത് മറുപടി പറഞ്ഞു: "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്." ഇത് കേൾക്കേണ്ട താമസം കാനാൻകാരി സ്ത്രീ അവനെ പ്രണമിച്ചുകൊണ്ട് പറയുകയാണ്, "കർത്താവേ, എന്നെ സഹായിക്കണമേ..." ഇതു കേൾക്കുന്ന ക്രിസ്തു അവളോട് പറഞ്ഞു: "മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല." ആവശ്യക്കാരന് ഔചിത്യമില്ല എന്നു പറയുന്നതുപ്പോലെ അവൾ പറഞ്ഞു: "അതേ, കർത്താവേ, നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ." കാനാൻകാരിസ്ത്രീയുടെ വിശ്വാസത്തോട് കൂടെയുള്ള മറുപടിയിൽ ന്യായവാദങ്ങൾ അവതരിപ്പിച്ച് നിന്ന കർത്താവ് തോറ്റു പോകുന്നു. ക്രിസ്തു അവളോട് പറഞ്ഞു, "സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ."

**നൂറ്റാണ്ടുകൾക്ക് മുമ്പ് കർത്താവിൽ നിന്ന് സൗഖ്യം സ്വന്തമാക്കിയവളെ ഇന്നും തിരുസഭ ഓർക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം അവളുടെ വിശ്വാസം മാത്രമാണ്!**

കാനാൻകാരി സ്ത്രീ പഠിപ്പിക്കുന്നത്, ചെല്ലേണ്ട ഇടങ്ങളിൽ ചെല്ലാനും, മുട്ടേണ്ട വാതിൽ മുട്ടേണ്ട വിധത്തിൽ മുട്ടാനും, മടുപ്പിനെ അതിലംഘിക്കുന്ന സ്ഥിരോത്സാഹം കൊണ്ട് ജീവിതത്തെ നിറയ്ക്കാനും സാധിക്കുന്നുണ്ടെങ്കിൽ സൗഖ്യം സ്വന്തമാക്കം എന്നതുതന്നെയാണ്. ഇതിൻ്റെയൊക്കെ അടിസ്ഥാനം എന്നുപറയുന്നത് വിശ്വാസം മാത്രമാണ്. കാനാൻകാരി സ്ത്രിയുടെ വിശ്വാസം അവളുടെ മകളുടെ സൗഖ്യത്തിന് കാരണമാകുന്നു.

പ്രശസ്തനായ കാൻസർ രോഗവിദഗ്ദനാണ് ഡോ.മാർക്ക്. ഡോ. മാർക്കിനു തൻ്റെ സേവനങ്ങളുടെ പേരിൽ സർക്കാർ നൽകുന്ന പുരസ്കാരം വാങ്ങാൻ തലസ്ഥാന നഗരിയിലേക്കുള്ള വിമാനം കയറി. പക്ഷെ, വിമാനം രണ്ടു മണിക്കൂറോളം പറന്നു കഴിഞ്ഞപ്പോൾ യന്ത്രത്തകരാർ മൂലം യാത്രാമാർഗ്ഗത്തിലുള്ള മറ്റൊരു നഗരത്തിലെ വിമാനത്താവളത്തിലാണ് ചെന്നിറങ്ങിയത്. ഡോ. മാർക്കിനു പരിഭ്രമമായി. തനിക്കു സമയത്തിനു പുരസ്കാര ചടങ്ങിനു എത്തുവാൻ കഴിയുമോ? അന്വേഷിച്ചപ്പോൾ തലസ്ഥാന നഗരിയിലേക്കു പോകുന്ന വിമാനം ഇനി അവിടെ നിന്നു പത്തു മണിക്കൂർ കഴിഞ്ഞേ ഉള്ളൂ. എന്തു ചെയ്യും? വിമാനത്താവളത്തിലെ റിസപ്ഷനിസ്റ്റ് ഒരു പോംവഴി നിർദേശിച്ചു.കാർ മാർഗം പോയാൽ നാലു മണിക്കൂർ കൊണ്ട് തലസ്ഥാന നഗരിയിൽ എത്താം.

ഡോ.മാർക് 'റെൻ്റ് എ കാർ' എന്ന സ്ഥാപനത്തിൽ നിന്ന് ഒരു കാറെടുത്തു സ്വയം ഡ്രൈവു ചെയ്തു യാത്രയായി. പക്ഷെ, കുറെ

ചെന്നപ്പോൾ കൊടുങ്കാറ്റും പേമാരിയും. ഇതിനിടയിൽ വഴി തെറ്റുകയും ചെയ്തു. റോഡിലെങ്ങും ആരെയും കാണാനില്ല. ജനവാസത്തിന്റെ ലക്ഷണമൊന്നുമില്ല. അങ്ങനെ നിൽക്കുമ്പോൾ അങ്ങ് ദൂരെ വിജന മായ സ്ഥലത്ത് ഒറ്റപ്പെട്ട വീട്. ഡോ. മാർക്ക് വണ്ടി അവിടെ നിർത്തി ആ വീട്ടിലേക്ക് ഓടിക്കയറി ബെല്ലടിച്ചു. വീട്ടമ്മ വാതിൽ തുറന്നു. നന ഞ്ഞു കുതിർന്നു പരിക്ഷീണനായി നിൽക്കുന്ന ഡോ.മാർക്കിനെ ഏതോ വഴിയാത്രക്കാരനാണെന്നു മാത്രം കരുതി വീട്ടമ്മ കനത്ത കാറ്റും മഴയും ശമിക്കുന്നതു വരെ വീട്ടിൽ തങ്ങാൻ ക്ഷണിച്ചു. താൻ ആരാണെന്നു ഡോ. മാർക്ക് വെളിപ്പെടുത്തിയതുമില്ല. എങ്കിലും, അവർ അദ്ദേഹത്തിനു ചൂടു ചായയും ബിസ്കറ്റും നൽകി. മാർക്കിനും സന്തോഷമായി.

തുടർന്ന്, വീട്ടമ്മ പ്രാർത്ഥിക്കുവാൻ തുടങ്ങുകയാണ്. അതിഥി യെയും അവർ പ്രാർത്ഥനയിൽ പങ്കുചേരാൻ ക്ഷണിച്ചു. പക്ഷെ നാസ് തികനായ ഡോ.മാർക് പറഞ്ഞു. "നിങ്ങൾ പ്രാർത്ഥിച്ചോളൂ.. എനിക്ക് പ്രവ ർത്തിയിലാണ് വിശ്വാസം..."

ആ സ്ത്രീ കണ്ണീരോടെ പ്രാർത്ഥിക്കുന്നത് ഡോ.മാർക്ക് ശ്രദ്ധിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ എന്താണ് പ്രാർത്ഥിച്ചത് എന്ന് അദ്ദേഹം അവ രോടു ചോദിച്ചു. അവർ പറഞ്ഞു:

"ഇതാ ഈ തൊട്ടിലിൽ കിടക്കുന്നത് എന്റെ ഏക മകനാണ്. കുഞ്ഞിന് ഒരു പ്രത്യേകതരം ക്യാൻസറാണ്.ഇത് ചികിത്സിക്കാൻ ഡോ. മാർക്ക് എന്നൊരു ഡോക്ടറേ ഈ രാജ്യത്തുള്ളൂ. എന്നാൽ, അദ്ദേഹം ദൂരെ ഒരു നഗരത്തിലാണ്. അദ്ദേഹത്തെ ഫീസ് കൊടുത്തു കൊവരുവാൻ എനിക്ക് നിവൃത്തിയില്ല. അതു കൊണ്ട് ഞാൻ ആ കാര്യം പ്രാർത്ഥിക്കുന്നു. ദൈവം എന്റെ പ്രാർത്ഥന കേൾക്കും..."

ഡോ.മാർക് നിശബ്ദനായി ഇരുന്നു പോയി. താൻ യാത്ര പുറപ്പെട്ടതും, വഴിയിലുായ തടസങ്ങളും താൻ ഒടുവിൽ കൃത്യമായി ഇവിടെയെത്തിയും അദ്ദേഹം ഓർത്തു. പ്രാർത്ഥന കേൾക്കുന്ന ദൈവം തന്നെ ഇവിടെ എത്തിച്ചിരിക്കുന്നു.? ഡോ.മാർക്കിന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം സ്വയം പരിചയപ്പെടുത്തി. തുടർന്ന്, കുഞ്ഞിന്റെ ചികിത്സ സൗജന്യ മായി ഏറ്റെടുത്തു. ചില മാസത്തെ ചികിത്സ കൊണ്ടു കുഞ്ഞു സൗഖ്യമായി. ഇതിനിടെ, നാസ്തികനായിരുന്ന ഡോ.മാർക്ക് ദൈവവിശ്വാസിയാകുകയും ചെയ്തു. പ്രാർത്ഥനയുടെ ഫലം!

കർത്താവ് പറയുന്നു, "സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ" (മത്താ 15,28). വിശ്വാസ ത്തോട് കൂടെയുള്ള പ്രാർത്ഥന കർത്താവ് കേൾക്കുന്നു. പ്രാർത്ഥന അധര വ്യയാമമല്ല. മറിച്ച്, ഹൃദയത്തെ ദൈവത്തിലേയ്ക്കുയർത്തുന്നതാണത്!

ആശ്വാസത്തിന് പകരം ആക്ഷേപവും അവഗണനയും ലഭിക്കുമ്പോൾ അതിജീവനത്തിനുള്ള വരമായി സ്ഥിരോത്സാഹം കൂട്ടിനുണ്ടാകണമെങ്കിൽ വിശ്വാസത്തിൽ ചാലിച്ചെടുത്ത ജീവിതശൈലി സ്വന്തമാക്കാൻ സാധിക്കണം.

"സംശയിക്കാതെ, വിശ്വാസത്തോടെ വേണം ചോദിക്കാൻ.
സംശയിക്കുന്നവൻ കാറ്റിൽ ഇളകിമറിയുന്ന കടൽത്തിരയ്ക്കു തുല്യനാണ്.
സംശയമനസ്കനും എല്ലാകാര്യങ്ങളിലും ചഞ്ചലപ്രകൃതിയുമായ ഒരുവന്
എന്തെങ്കിലും കർത്താവിൽനിന്നു ലഭിക്കുമെന്നു കരുതരുത്."
യാക്കോബ് 1,6-8

ഫാ. ജോബി മേനോത്ത്
+91 944 7777 931